# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2272 — 10.10.2011 ൽ മറുപടിക്ക്

## വാഹനനിയമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ എം. ഉമ്മർ<br>ശ്രീ എൻ. ഷംസുദ്ദീൻ | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനായി വാഹന നിയമങ്ങൾ കർശനമായി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) ഇതിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (ബി) വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ, മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിക്കഴിഞ്ഞു. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്ക് സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കുന്നതിനുള്ള കരട് ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്. അപകടങ്ങൾ കുറയ്ക്കുന്നതിനായി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ, ടിപ്പർ എന്നിവയുടെ ഡ്രൈവർമാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. |
| (സി) മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാൻ ആധുനിക സാങ്കേതിക വിദ്യകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടികൂടുന്നതിന് ആൽക്കോമീറ്ററുകൾ വാങ്ങുവാനായി മോട്ടോർ വാഹന വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മൊബൈൽ യൂണിറ്റുകളിലും ആൽക്കോമീറ്റർ വാങ്ങുന്നതിനായി 2 കോടി രൂപ നൽകിയിട്ടുണ്ട്. |
| (ഡി) നമ്പർപ്ളേറ്റ് സ്ഥാപിക്കേണ്ട സ്ഥാനത്ത് സ്ഥാപിക്കപ്പെടാതെയും സ്പെസിഫിക്കേഷൻ പാലിക്കാതെ | (ഡി) 1988 ലെ മോട്ടോർ വാഹന നിയമത്തിലെ 192 - ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കുകയും കുറഞ്ഞത് 2000/- രൂപ |

വികൃതമായി നമ്പർ പ്രദർശിപ്പിക്കുന്നതിനുമെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത്;

പിഴയിനത്തിൽ ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഇ) കാർ, എസ്.യു.വി., മറ്റു വാഹനങ്ങൾ എന്നിവയിൽ ഉപയോഗിക്കാവുന്ന സൈഡ്ഗ്ളാസുകൾ സംബന്ധിച്ച സ്പെസിഫിക്കേഷന്റെ വിശദവിവരം നൽകാമോ; ഇത് ലംഘിക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ ?

(ഇ) 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 100(1) പ്രകാരം അഗ്രിക്കൾച്ചറൽ ട്രാക്ടറുകൾ ഒഴികെയുള്ള മോട്ടോർ വാഹനങ്ങളുടെ വിൻഡോകൾ സേഫ്റ്റി ഗ്ലാസ്സ് കൊണ്ട് നിർമ്മിച്ചവയായിരിക്കണം.
ത്രീ വീലറുകളുടെയും ഹുഡ്സ് വാഹനങ്ങളുടെയും സൈഡ് കവറുകളുടെയും കാര്യത്തിൽ വിൻഡോകൾ അക്രിലിക് അല്ലെങ്കിൽ പ്ലാസ്റ്റിക് ട്രാൻസ്പേരന്റ് ഷീറ്റ് കൊണ്ട് നിർമ്മിച്ചവയായിരിക്കണം.
ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റൻഡേർഡ്സിന്റെയോ ഏതെങ്കിലും ഇന്റർ നാഷണൽ സ്റ്റൻഡേർഡ്സിന്റെയോ സ്പെസിഫിക്കേഷനുകൾ അനുസരിച്ചുള്ളതും തകർച്ച സംഭവിക്കുന്ന സമയത്ത് മുറിവുണ്ടാകുന്ന രീതിയിലുള്ള കഷണങ്ങളായി മാറാത്തതുമായ രീതിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഗ്ലാസ്സുകളാണ് സേഫ്റ്റി ഗ്ലാസ്സ് എന്നറിയപ്പെടുന്നത് .
1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 100(2) പ്രകാരം സൈഡ് വിൻഡോകൾ നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന ഗ്ലാസ്സുകൾ 50% ൽ കുറയാത്ത വിഷ്വൽ ട്രാൻസ്മിഷൻ ഉള്ളവയും ഇൻഡ്യൻ സ്റ്റാൻഡേർസ് അനുശാസിക്കുന്നതു പ്രകാരം ഉള്ളവയും ആയിരിക്കണം.

സെക്ഷൻ ഓഫീസർ